LIBRARY ARCHIVES Kerala Legislative Assembly

(7) അടയ്ക്കാ കർഷകർക്ക് ധനസഹായം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, അടയ്ക്കായുടെ വിലത്തകർച്ചയിൽനിന്ന് കർഷകരെ രക്ഷിക്കാൻവേണ്ടി 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പത്ത് കോടി രൂപ വകകൊള്ളിച്ചിരുന്നു. ഈ തുക അർഹതപ്പെട്ട കർഷകർക്ക് നൽകുന്നതിനു വേണ്ടിയുള്ള ഒരു നടപടിയും ഇതുവരേയും ആരംഭിച്ചിട്ടില്ല. വിലത്തകർച്ചമൂലം ദുരിതം അനുഭവിക്കുന്ന അടയ്ക്ക കർഷകന് വലിയ ഒരു ആശ്വാസം നൽകുന്ന പ്രഖ്യാപനമായിരുന്നു ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. കർഷകരാകെ ഈ തുക കിട്ടുമെന്ന പ്രതീക്ഷയിലാണ്. ഇതിനായി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണം. കൃഷിയുടെ വിസ്തീർണ്ണവും അതുപോലെതന്നെ കവുങ്ങിന്റെ എണ്ണവും കണക്കിലെടുത്ത് ഓരോ കൃഷിക്കാരിൽനിന്നും അപേക്ഷ സ്വീകരിച്ച് കൃഷിഭവൻവഴി ഈ തുക വിതരണം ചെയ്യണമെന്നതാണ് കൃഷിക്കാരുടേയും കർഷക സംഘടനകളുടേയും ആവശ്യം. ഇതിനാവശ്യമായ പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, കേരളത്തിലെ അടയ്ക്കാകർഷകർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിലുള്ളതാണ്. മഞ്ഞളിപ്പ്, മഹാളി എന്നീ രോഗങ്ങൾ, ഉൽപ്പാദന കുറവ് ആരോഗ്യപരമായ കാരണങ്ങളാൽ പാൻ മസാല തുടങ്ങിയ അടയ്ക്ക ഉൽപ്പന്നങ്ങൾക്ക് ഉപയോഗത്തിൽ ഏർപ്പെടുത്തിയ നിരോധനം, അയൽ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി, ഇവയെല്ലാം അടയ്ക്കായുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് 2010-11-ലെ ബഡ്ജറ്റിൽ പത്തു കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചത്. ഇതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ഇപ്പോൾ വിശദാംശങ്ങൾ തയ്യാറാക്കിവരികയാണ്. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മാസം 27-ാം തീയതി കാസർകോട് ജില്ലയിലെ നിയമസഭാ അംഗങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഉടൻ വിളിച്ചുകൂട്ടുന്നതാണ്.

(8) ജന്മി പെൻഷൻ പരിഷ്ക്കരണം

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിലെ ജന്മി പെൻഷൻകാർക്ക് വളരെക്കാലമായി 500 രൂപയാണ് പെൻഷൻ ലഭിക്കുന്നത്. അത് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2008 മുതൽ പെൻഷൻ വാങ്ങുന്നവർ ഒറ്റയ്ക്കും കൂട്ടായും റവന്യൂ വകുപ്പുമന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. പക്ഷെ ആ നിവേദനത്തിനൊന്നും കാര്യമായ ഒരു പ്രതികരണവും ലഭിച്ചിട്ടില്ല. ജന്മി പെൻഷൻ വാങ്ങുന്നവർ മുഴുവനും 80 വയസ്സിനധികം പ്രായമുള്ളവരാണ്. ഭൂ പരിഷ്കരണത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെട്ടതിനാൽ പെരുവഴികാവത്ത് ആർഭാടപൂർവ്വം ജീവിച്ചിരുന്നവർക്ക് ജീവിക്കാൻ കഴിയാതെ പട്ടിണി കിടക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഏതാണ്ട് 200 ഓളം പേർ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. അതുകൊണ്ട് അവരുടെ പെൻഷൻ ആയിരം രൂപയെങ്കിലും